# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3706
11-11-2019-ലെ മറുപടിയ്ക്ക്

### പ്രളയ ദുരിതാശ്വാസ ഫണ്ട്

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് ഇതുവരെ ആകെ എത്ര രൂപ ലഭിച്ചിട്ടുണ്ട് എന്നും പ്രസ്തുത ഫണ്ടിൽനിന്നും എത്ര രൂപ ചെലവാക്കിയെന്നും ബാക്കി എത്ര രൂപയുണ്ടെന്നും വ്യക്തമാക്കാമോ; | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 2019 നവംബർ 4 വരെ 4660.93 കോടി രൂപ ലഭ്യമാകുകയും അതിൽ 2476.46 കോടി രൂപ ചെലവഴിച്ചതിന് ശേഷം ബാക്കി തുകയായ 2184.47 കോടി രൂപ നിലവിലുണ്ട്. |
| ബി) പ്രസ്തുത ഫണ്ടിലേക്ക് സർക്കാർ ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത തുക എത്രയാണെന്നും കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിച്ചതെത്രയാണെന്നും അറിയിക്കാമോ; | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സ്പാർക്ക് മുഖേന ശമ്പളം വാങ്ങുന്ന സർക്കാർ ജീവനക്കാരിൽ നിന്ന് സാലറി ചലഞ്ച് ഇനത്തിൽ 4/11/2019 വരെ 1218.49 കോടി രൂപയും ഉൽസവ ബത്ത ഇനത്തിൽ 117.69 കോടി രൂപയും പൊതുജനങ്ങൾ, പൊതുസ്ഥാപനങ്ങൾ, സംഘടനങ്ങൾ മുതലായവയിൽ നിന്ന് 3324.75 കോടി രൂപയും ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് തുകകൾ ലഭ്യമായിട്ടില്ല. |
| സി) പ്രളയ ദുരിതാശ്വാസത്തിനായി ലഭിയ്ക്കുന്ന തുക പ്രത്യേക അക്കൗണ്ടിലാണോ സൂക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | സ്പാർക്ക് മുഖേന ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ സാലറി ചലഞ്ച്, ഉൽസവബത്ത എന്നീ ഇനത്തിൽ സ്വരൂപിക്കുന്ന തുക പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് വേണ്ടി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് വരവ് ചെയ്യുന്നത്. പൊതുജനങ്ങൾ, പൊതുസ്ഥാപനങ്ങൾ, സംഘടനങ്ങൾ മുതലായവയിൽ |

| | |
|---|---|
| | നിന്നും സ്വരൂപിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രധാന ട്രഷറി . പബ്ലിക് അക്കൗണ്ടായ TPA -70101020000080 ലും പതിനെട്ട് ബാങ്ക് അക്കൗണ്ടുകളിലുമായാണ് സ്വരൂപിക്കുന്നത്. |

**അക്കൗണ്ട്സ് ഓഫീസർ**